# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 163

06.02.2019-ൽ മറുപടി നൽകേണ്ടത്.

## സാമ്പത്തിക സംവരണം

**ചോദ്യം**

**ശ്രീ. കെ.ഡി.പ്രസേനൻ**
**ശ്രീ. എ.എം.ആരിഫ്**
**ശ്രീ. കെ.വി.വിജയദാസ്**
**ശ്രീ. കാരാട്ട് റസാഖ്**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സിവിൽ സർവ്വീസ് കാര്യക്ഷമമാക്കി വികസന ക്ഷേമ പ്രവർത്തനങ്ങളുടെ നിർവ്വഹണം സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; മുഖ്യമന്ത്രിയുടെ ഓൺലൈൻ പരാതി പരിഹാര സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ; | (എ) | ജീവനക്കാരുടെ പെരുമാറ്റവും മനോഭാവവും പൊതുജനങ്ങൾക്ക് ഗുണകരമാക്കുന്നതിനും അഴിമതിരഹിത സേവനം നൽകുന്നതിനും പര്യാപ്തമായ പരിശീലനങ്ങൾ ഐ.എം.ജി, കില, മുതലായ സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നു. സംസ്ഥാന പരിശീലന നയത്തിന് രൂപം നൽകി.<br>സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ പഞ്ചിംഗ് ഏർപ്പെടുത്തി. മറ്റ് സർക്കാർ ഓഫീസുകളിലും/ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുക, കൂടുതൽ ജനോപകാരമായ മാറ്റങ്ങൾ ആവിഷ്കരിക്കുക, സിവിൽ സർവ്വീസ് ആധുനിക വൽക്കരിക്കുക എന്നീ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നാലാം ഭരണ പരിഷ്കാര കമ്മീഷനെ ചുമതലപ്പെടുത്തി.<br>വകുപ്പുതല ചട്ടക്കൂടുകൾ ഇല്ലാതാക്കുക, പ്രഗത്ഭരായ യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുക, മധ്യതല സംവിധാനം ശക്തമാക്കുക എന്നീ ഉദ്ദേശ |

| | | | |
|---|---|---|---|
| | | | ലക്ഷ്യങ്ങളോടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു<br>സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ഏർപ്പെടുത്തി.<br>സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും, മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ മുൻഗണന നൽകുക, പൊതുജനങ്ങളുടെ പരാതികൾക്കും അപേക്ഷകൾക്കും മറുപടി നൽകുമ്പോൾ പൂർണ്ണമായ മേൽവിലാസം രേഖപ്പെടുത്തുക, സർക്കാർ ഓഫീസുകളിൽ ജീവനക്കാർ തങ്ങളുടെ കുട്ടികളെ പ്രവർത്തിസമയം ഒപ്പം ഇരുത്തി വിലപ്പെട്ട ഓഫീസ് സമയം പാഴാക്കുന്നത് തടയുക എന്നിവ സംബന്ധിച്ച് എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>നിലവിലുണ്ടായിരുന്ന വിവിധ പരാതി പരിഹാര സംവിധാനങ്ങൾ ഏകീകരിച്ച് മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനമായ cmo.kerala.gov എന്ന വെബ് പോർട്ടൽ കാര്യക്ഷമമാക്കി. പഞ്ചായത്തുകൾ, വില്ലേജുകൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള പ്രസ്തുത സംവിധാനത്തിലൂടെ പരാതികളിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. 31.12.2018 വരെ **2,04,753** പരാതികൾ ഈ വെബ് പോർട്ടൽ വഴി കൈകാര്യം ചെയ്തിട്ടുണ്ട്. ഇതിനു പുറമെ **2,650** അക്ഷയ കേന്ദ്രങ്ങളും പോർട്ടൽ വഴി പരാതികൾ സ്വീകരിക്കുന്നു. ഡിജിറ്റൽ രൂപത്തിലാക്കിയ പരാതികൾ, നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥന് ഓൺലൈനായി തന്നെ കൈമാറാനും റിപ്പോർട്ട് സമർപ്പിക്കാനും, മറ്റ് ഓഫീസുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാനും സാധിക്കുന്നു. മാത്രമല്ല പൊതുജനങ്ങൾക്ക് ഓൺലൈനിലൂടെ പരാതി സമർപ്പിക്കുവാനും, സമർപ്പിച്ച പരാതിയുടെ അവസ്ഥ ഓൺലൈനിലൂടെ തന്നെ പരിശോധിക്കാനും സാധിക്കും. |

| | | | |
|---|---|---|---|
| | | | പരാതിയുടെ നീക്കം സംബന്ധിച്ച വിവരം എസ് എം എസ് ലൂടെ പരാതിക്കാരെ അറിയിക്കുന്നുണ്ട്. |
| (ബി) | മധ്യതല മാനേജ്മെന്റ് ശക്തിപ്പെടുത്താനുദ്ദേശിച്ചുകൊണ്ടുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; കെ..എ.എസ് ലേക്ക് മൂന്ന് തരത്തിലുള്ള നിയമനത്തിനും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും പിന്നാക്ക വിഭാഗത്തിൽ പെട്ടവർക്കും സംവരണം ബാധകമാക്കാൻ തീരുമാനമായിട്ടുണ്ടോ; | (ബി) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചു ആയതിന്മേൽ നിയമസഭ അംഗീകരിച്ച ഭേദഗതികളടക്കമുള്ള ഭേദഗതികൾ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ കെ.എ.എസ്. രണ്ടും മൂന്നും സ്ട്രീമുകളിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച സാധ്യതയും പരിശോധിച്ചുവരുന്നു. |
| (സി) | പൊതു തെരഞ്ഞെടുപ്പ് മാത്രം ലാക്കാക്കി കേന്ദ്രസർക്കാർ അനവധാനതയോടെ കൊണ്ടുവന്ന സാമ്പത്തിക സംവരണം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; | (സി) യും (ഡി) യും | സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ പ്രത്യേക തീരുമാനങ്ങളൊന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല. തീരുമാനമെടുക്കുമ്പോൾ ഇക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്. |
| (ഡി) | സാമ്പത്തിക പരാധീനത കൊണ്ട് അവസര സമത്വം ലഭിക്കാത്തവർക്ക് ആശ്വാസം നൽകാനെന്ന പേരിൽ കൊണ്ടുവന്ന പ്രസ്തുത നിയമത്തിൽ പ്രതിവർഷം 8 ലക്ഷം രൂപ വരെ വരുമാനമുള്ളവരെ ഉൾപ്പെടുത്തിയിരിക്കുന്നത് ഫലത്തിൽ സമ്പന്നർക്ക് സംവരണം ഏർപ്പെടുത്തുന്നതായതിനാൽ, സംസ്ഥാനത്ത് ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങളാണ് ഇക്കാര്യത്തിൽ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | | |

Deepa

**സെക്ഷൻ ഓഫീസർ**